# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3946** **15.12.2014** ൽ മറുപടിക്ക്

## നിലവിലുള്ള സിനിമാ തീയറ്ററുകൾ ആധുനീകരിക്കുന്നതിനുള്ള പദ്ധതി

ചോദ്യം

ശ്രീ. പി.എ. മാധവൻ :
ശ്രീ. ആർ.സെൽവരാജ് :
ശ്രീ. ഐ.സി. ബാലകൃഷ്ണൻ :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സിനിമാ സംരംഭകർക്ക് നിലവിലുള്ള തീയറ്ററുകൾ വിഭജിക്കുന്നതിനും ആധുനീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) ആന്റ് (ബി) | സ്വകാര്യ സംരംഭകർക്ക് നിലവിലുള്ള തിയേറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കരിക്കുവാനും അനുവദിക്കുന്നതിനുള്ള പദ്ധതി ചലച്ചിത്ര അക്കാഡമിയിലും കെ.എസ്.എഫ്.ഡി.സി. യിലും നിലവിലില്ല. എന്നാൽ കേരള സംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷന് കീഴിലുള്ള തിയേറ്ററുകൾ വിഭജിക്കുവാനും ആധുനികവത്കരിക്കുന്നതിനുമുള്ള പദ്ധതികൾ പ്രകാരം തിരുവനന്തപുരം കൈരളി, ചേർത്തല ചിത്രാഞ്ജലി എന്നീ തിയേറ്ററുകൾ വിഭജിച്ച് പുതിയ രണ്ട് തിയേറ്ററുകൾ ആക്കി മാറ്റുകയും തിരുവനന്തപുരം ശ്രീ, കലാഭവൻ, കോഴിക്കോട്ടും, തൃശ്ശൂരും ഉള്ള കൈരളി/ശ്രീ, ചിത്രാഞ്ജലി സ്റ്റുഡിയോയിലെ പ്രിവ്യൂ തിയേറ്റർ തുടങ്ങിയവ ആധുനികവൽക്കരിച്ചിട്ടുമുണ്ട്. സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ആധുനിക സജ്ജീകരണങ്ങളോടെ മികച്ച നിലവാരമുള്ള സിനിമാസ്വാദനം സാദ്ധ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഡിജിറ്റൽ പ്രൊജക്ഷൻ, 7.1 സറൗണ്ട് സൗണ്ട് സിസ്റ്റം, പുഷ്ബാക്ക് ചെയറുകൾ, മേൻമയേറിയ അക്കൗസ്റ്റിക്ക് സംവിധാനം, എ.സി.സംവിധാനം, സിൽവർ സ്ക്രീൻ സി.സി.ടി.വി. സിസ്റ്റം തുടങ്ങിയ സവിശേഷതകളോടെയാണ് ആധുനികവൽക്കരണം പൂർത്തിയാക്കുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദീകരിക്കാമോ ; | | |

| | | | |
|---|---|---|---|
| (സി) | സംരംഭകർക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) ആന്റ് (ഡി) | സംസ്ഥാനത്ത് നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ തലമുറയിലെ സിനിമാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയിലൂടെ പാക്കേജ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ചിത്രാഞ്ജലിയുടെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന സിനിമകൾക്ക് (ഡിജിറ്റൽ) നിലവിൽ സബ്സിഡി നൽകുന്നുണ്ട്. ഇത് കൂടാതെ ഇൻഡ്യൻ പനോരമ സെലക്ഷൻ, ഏറ്റവും മികച്ച ചിത്രത്തിനുള്ള നാഷണൽ അവാർഡ്, സംസ്ഥാന അവാർഡ് എന്നിവ ലഭിക്കുന്ന ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ചെയ്ത ചിത്രങ്ങൾക്കും മികച്ച രണ്ടാമത്തെ അവാർഡ് ലഭിക്കുന്ന ചിത്രാഞ്ജലി ചിത്രങ്ങൾക്കും സബ്സിഡി നൽകിവരുന്നുണ്ട്. കൂടാതെ ലോക സിനിമാരംഗത്തെ പുത്തൻ പ്രവണതകൾ, ലോക ക്ലാസിക്കുകൾ, അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച സിനിമാ പ്രവർത്തകരുടെ സിനിമകൾ തുടങ്ങി നിലവാരമുള്ള സിനിമകൾ കാണുന്നതിനും പുതിയ നല്ല സിനിമകൾ നിർമ്മിക്കുന്നതിന് പ്രചോദനം നൽകുന്നതിനുമായി ചലച്ചിത്ര അക്കാദമി അന്താരാഷ്ട്ര ചലച്ചിത്ര മേള, അന്താരാഷ്ട്ര ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം മേള, ദേശീയ ചലച്ചിത്രമേള എന്നിവ കേരളത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ കലാമൂല്യമുള്ള നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും ചലച്ചിത്ര പ്രവർത്തകരെ അനുമോദിക്കുന്നതിനുമായി ചലച്ചിത്ര അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. നല്ല സിനിമ നിർമ്മിക്കുന്നവർക്കും സംവിധാനം ചെയ്യുന്നവർക്കും ക്യാഷ് അവാർഡ് നൽകുന്നതും ഇതിലുൾപ്പെടുന്നു. ഇതുകൂടാതെ പുതിയ തലമുറയെ ഈ കലയിലേയ്ക്ക് ആകർഷിക്കുന്നതിന് ചലച്ചിത്ര അക്കാദമി കുട്ടികൾക്കും യുവാക്കൾക്കുമായി അവധിക്കാല ക്യാമ്പുകൾ, അധ്യാപകരുടെ ക്യാമ്പുകൾ എന്നിവയും നടത്തിവരുന്നുണ്ട്. നല്ല സിനിമ നിർമ്മിക്കുവാനുള്ള പുതിയ തലമുറയിലെ സിനിമാ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് എല്ലാ സഹായ സഹകരണങ്ങളും നിലവിൽ നൽകിവരുന്നുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | | |

Saradadevi

സെക്ഷൻ ഓഫീസർ